Talented Bankers Literary Panel
പുസ്തക പരിചയം 141.

പുസ്തകം പരിചയപ്പെടുത്തുന്നത്,
ജിതിൻ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
കുറുപ്പന്തറ ശാഖ.

കാന്തമല ചരിതം
അഖിനാതെൻ്റെ നിധി
വിഷ്ണു എം സി

കാന്തമല ചരിതം എന്ന ട്രിലോജിയിലെ ആദ്യത്തെ പുസ്തകം ആയ "അഖിനാതെൻ്റെ നിധി" എന്ന നോവലിനെ കുറിച്ചാണ് പറഞ്ഞു വരുന്നത്. മലയാളത്തിൽ അധികം പരീക്ഷിക്കപെട്ടിട്ടില്ലാത്ത, പുരാണം മറ്റൊരു വീക്ഷണത്തിലൂടെ , ഒരു ആക്ഷൻ- അഡ്വെഞ്ചർ മൂഡിലൂടെ പറഞ്ഞിരിക്കുന്ന നോവലുകളിൽ പെടുന്നതാണ് കാന്തമല ചരിതം എന്നു പറയാം. മറ്റ് രണ്ട് ഭാഗങ്ങൾ ഇറങ്ങാൻ ഇരിക്കുന്നതെ ഉള്ളു. അത് കൊണ്ട് തന്നെ ഒരു തുടർച്ച സ്വാഭാവം നിലനിർത്തിയെ ഇത് വായിച്ചു തീർക്കാൻ ആകു എന്നു ആദ്യമേ പറഞ്ഞു കൊള്ളട്ടെ.

മിഥുൻ ഓരോ പേജുകൾ ആയി മറിച്ചു. എല്ലാ പേജുകളും ഫുൾ ബ്ലാങ്ക്. ഒന്നിലും ഒരക്ഷരം എഴുതിയിട്ട് ഇല്ല. അവൻ വിശ്വാസം വരാതെ വീണ്ടും വീണ്ടും പേജുകൾ മറിച്ചു. അപ്പോൾ ഈ കഴിഞ്ഞ നിമിഷം വരെ താൻ വായിച്ചതും, അറിഞ്ഞതും എല്ലാം സ്വപ്നമായിരുന്നു എന്നോ!? അതോ അതിനപ്പുറം വിശദീകരിക്കാൻ ആകാത്ത പ്രതിഭാസമോ!? അവന് തലകറങ്ങുന്നത് ആയി തോന്നി. ഒരു വരി പോലും വിടാതെ, ആകാക്ഷയോടെ കാന്തമലയെ പറ്റി വായിച്ചുകൊണ്ടിരുന്ന താൻ, മണിക്കൂറുകൾ ആയി ഒന്നും എഴുതാത്ത ഒരു പുസ്തകവും കൈയ്യിൽ പിടിച്ചു ഉറങ്ങുക ആയിരുന്നു എന്ന് വിശ്വസിക്കാൻ അവന് പ്രയാസം തോന്നി. അറിഞ്ഞത് പ്രകാരം രാജകുടുംബത്തെ പറ്റിയും, ശബരിമലയെ പറ്റിയും ഉള്ള ഒരു പാട് രഹസ്യങ്ങളിൽ ഒന്നായിരുന്നു കാന്തമല ക്ഷേത്രം. കൊട്ടാരത്തിൽ രഹസ്യമായി സൂക്ഷിച്ചിരുന്ന എഴുത്തോലകൾ പ്രകാരം, ഭഗവാൻ്റെ മോക്ഷാവസ്ഥയിൽ ഉള്ള കാന്തമല ക്ഷേത്രം വനത്തിൽ എവിടെയോ മറഞ്ഞു കിടക്കുകയാണ്. മകര ജ്യോതി തെളിയുന്ന പോന്നമ്പല മേട് ആണ് കാന്തമല എന്നും രഹസ്യ വിവരം ഉണ്ട്, പക്ഷെ, ഉറപ്പില്ല. അത് തേടി കാട് കയറിയവർ ആരും പോയത് പോലെ തിരികെ വന്നിട്ടില്ലത്രേ!

വിലമതിക്കാനാവാത്ത നിധിയുണ്ട് എന്നു കരുതപ്പെടുന്ന, വർഷം തോറും ജനം ഒഴുകി എത്തുന്ന ശബരിമലയുടെ അരികിൽ എവിടെയോ, ഇന്നും കാണാമറയത്ത് ഒളിഞ്ഞു കിടക്കുന്ന കാന്തമല ക്ഷേത്രം തേടിയുള്ള

ജേണലിസ്റ്റ് മിഥുന്റെ യാത്രയാണ് അഖിനാതെന്റെ നിധി എന്ന ഈ നോവൽ പറയുന്നത്. പക്ഷെ, പോകും തോറും, അവന്റെ പുറകെ ആരൊക്കെയോ ഉണ്ട്. സഹസ്രാബ്ദങ്ങളായി നിധി തേടി ഒളിഞ്ഞിരിക്കുന്ന ദുഷ്ട ശക്തികളും, നിധിയെ കാത്തു സൂക്ഷിക്കുന്ന, പ്രകൃതിയുടെ അഭൗമ ശക്തിയും തമ്മിലുള്ള പോരാട്ടങ്ങളുടെ കഥ കൂടിയാണ് ഇത്.

പണ്ട് പരശുരാമൻ സ്ഥാപിച്ചു എന്നു പറയപ്പെടുന്ന പഞ്ച ശാസ്ത്ര ക്ഷേത്രങ്ങളിൽ, എവിടെ സ്ഥിതി ചെയ്യുന്നു എന്ന കാര്യത്തിൽ, ഇന്നും തർക്ക വിഷയമായി നിലകൊള്ളുന്ന ഒന്നാണ് കാന്തമല ക്ഷേത്രം. കുളത്തുപ്പുഴ, ആര്യങ്കാവ്, അച്ചൻകോവിൽ, കൂടെ പ്രസിദ്ധമായ ശബരിമല എന്നിവയാണ് മേൽപറഞ്ഞതിലെ മറ്റ് നാല് ക്ഷേതങ്ങൾ എന്നു പറയുമ്പോൾ ആണ് അതിൽ ആകാംഷ നിറയുന്നത്. ആമുഖത്തിലെ വാചകങ്ങൾ കടമെടുത്തു പറഞ്ഞാൽ ചേര- ചോള- പാണ്ഡ്യ യുദ്ധകാലത്ത് ജീവിച്ചിരുന്ന ഒരു മലയരയ യോദ്ധാവ്, സ്വജനതയെ അടിമത്തത്തിൽ നിന്നും മോചിപ്പിക്കാൻ, സാധാരണക്കാരെ മുൻനിർത്തി പോരാട്ടങ്ങൾക്ക് ഇറങ്ങുന്നു. കേട്ട് തഴമ്പിച്ച ഐതിഹ്യങ്ങൾക്ക് ഉപരിയായി, ലോകത്തിന്റെ തന്നെ നിലനിൽപ്പിനെ ബാധിക്കുന്ന ഒരു വലിയ രഹസ്യം കാത്തു സൂക്ഷിക്കുന്ന ആ ജനതയുടെ നേതാവിന്റെ സ്ഥാനപ്പേര് അയ്യപ്പൻ എന്നായിരുന്നു. ആയിരക്കണക്കിന് വർഷങ്ങൾക്ക് മുൻപ്, ആയിരക്കണക്കിന് കാതങ്ങൾക്ക് അപ്പുറം ഈജിപ്റ്റ് ഭരിച്ചിരുന്ന അഖിനാതെൻ എന്ന ഫറവോയും, അയ്യപ്പനും, ആ രഹസ്യവും തമ്മിലുള്ള ബന്ധം, ഭാവനയും, ചരിത്ര കഥകളും ഇടകലർത്തി വളരെ മനോഹരമായി പറഞ്ഞിരിക്കുന്ന നോവൽ ആണ് കാന്തമല ചരിതം ഒന്നാം അദ്ധ്യായം, അഖിനാതന്റെ നിധി !

3000 വർഷങ്ങൾ പഴക്കമുള്ള, മലയാളികൾക്ക് ഏറെ പ്രധാന്യമുള്ള ഒരു വിഷയത്തെ, ഈജിപ്റ്റിന്റെ ചരിത്രത്തിൽ തുടങ്ങി, ശബരിമലയുടെ ഇനിയും അറിയപ്പെടാത്ത രഹസ്യങ്ങളിലേക്ക് എത്തിച്ചു, അടുത്ത ഭാഗത്തിനായി നമ്മളെ ആകാംഷയോടെ കാത്തിരിക്കാൻ പ്രേരിപ്പിക്കുന്ന ഈ കൃതി, എഴുതിയിരിക്കുന്നത് വിഷ്ണു എം സി ആണ്. ലോഗോസ് ബുക്ക്സ് പുറത്തിറക്കിയിരിക്കുന്ന പുസ്തകത്തിന്റെ വില - Rs.230